**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1810** **12-09-2023 - ൽ മറുപടിയ്ക്ക്**

**മലബാർ മേഖലയിലെ ഡിഗ്രി സീറ്റുകളുടെ കുറവ് പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മലബാർ മേഖലയിൽ ഈ വർഷം ഡിഗ്രി പ്രവേശനത്തിന് ആവശ്യമായ സീറ്റുകൾ ലഭ്യമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ; സീറ്റുകളുടെ കുറവ് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്ത് ഈ വർഷം ഡിഗ്രി പ്രവേശനത്തിന് ആവശ്യമായ സീറ്റുകൾ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ സർക്കാർ/ എയ്ഡഡ് കോളേജുകളിലും ഉള്ള എയ്ഡഡ് കോഴ്സുകളിൽ സ്റ്റാറ്റ്യൂട്ടറി മാക്സിമം പ്രകാരമുള്ള വിദ്യാർത്ഥി പ്രവേശനം നടത്താനുള്ള നടപടി സ്വീകരിക്കുന്നതിനും, ആർട്സ് & സയൻസ് കോളേജുകളിൽ 2023-24 അക്കാഡമിക വർഷം ബിരുദ പ്രോഗ്രാമിന് പരമാവധി 70 സീറ്റ് വരെയും ബിരുദാനന്തര ബിരുദ പ്രോഗ്രാമിന് പരമാവധി 30 സീറ്റ് വരെയും മാർജിനൽ ഇൻക്രീസ് അനുവദിച്ച് നൽകുന്നതിന് സർവ്വകലാശാലകൾക്ക് അനുമതി നൽകിയും സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) | മലബാർ മേഖലയിൽ നിന്നും ഉന്നതവിദ്യാഭ്യാസത്തിന് യോഗ്യത നേടിയ കുട്ടികളുടെ തുടർപഠനത്തിനായി സർക്കാർ, എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | (ബി) | മലബാർ മേഖലയിൽ നിന്നും ഉന്നതവിദ്യാഭ്യാസത്തിന് യോഗ്യത നേടിയ കുട്ടികൾക്ക് ബിരുദ കോഴ്സുകൾക്ക് ആവശ്യമായ സീറ്റുകൾ നിലവിൽ ലഭ്യമാണ്. സർക്കാർ, എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ